**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2411** **07-07-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേനയുള്ള പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിഫ്ബി മുഖേനയുള്ള പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തിന്റെ ചുമതലകൾ എന്തൊക്കെയാണെന്നും നാളിതുവരെ ഈ വിഭാഗത്തിന്റെ പ്രവർത്തനത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കിഫ്ബി ആക്ട് 1999 പ്രകാരം ആണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. കിഫ്ബി ആക്ട് പ്രകാരം സംസ്ഥാനത്തുള്ള കിഫ്ബി പദ്ധതികളുടെ പരിശോധിക്കുന്നതിനായി ഒരു ഇൻസ്പെക്ഷൻ വിഭാഗം ഉണ്ടാകണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. അതു പ്രകാരം കിഫ്ബി പദ്ധതികളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനായി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം കിഫ്ബിയിൽ പ്രവർത്തിക്കുന്നുണ്ട്. ഗുണനിലവാരം പാലിച്ച് പദ്ധതികൾ പുരോഗമിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നുണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. അപാകതകൾ കണ്ടെത്തുന്ന പക്ഷം തിരുത്തൽ നടപടികൾക്കായി ഫീൽഡ് ഒബ്സർവേഷൻ ഷീറ്റ്, ടെക്നിക്കൽ ഒബ്സെർവഷൻ ഷീറ്റ്, ഒബ്സർവേഷൻ മെമ്മോ, ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവയും എസ്പിവിയ്ക്ക് നൽകാറുണ്ട്. ഈ ഇൻസ്പെക്ഷൻ വിഭാഗം സംസ്ഥാനത്തു മറ്റു പ്രവൃത്തികളുടെ പരിശോധന നടത്തുന്ന ചീഫ് ടെക്നിക്കൽ എക്സാമിനറുടെ മാതൃകയിൽ ആണ് പ്രവർത്തിക്കുന്നത്. ഗുണനിലവാര പരിശോധനയ്ക്കായി പ്രവർത്തിക്കുന്ന കിഫ്ബിയിലെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി 31/03/2022 വരെ 69.11 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | കിഫ്ബി മുഖേന നടത്തിയ പല നിർമ്മാണ പ്രവർത്തനങ്ങളിലും ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ ആഭ്യന്തര ഗുണനിലവാര പരിശോധന സെല്ലിന്റെ പ്രവർത്തനം | (ബി) | കിഫ്ബി ധന സഹായം നൽകുന്ന ചില പദ്ധതികളിൽ ഗുണനിലവിവര പരിശോധന നടത്തിയപ്പോൾ ഗുണനിലവാര കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടു കൂടി |

| | | | |
|---|---|---|---|
| | വിലയിരുത്തിയിട്ടുണ്ടോ; ക്രമക്കേടിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | സമയക്രമം പാലിച്ച് നടപ്പിലാക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം അതത് എസ്.പി.വി കൾക്കും ഭരണവകുപ്പുകൾക്കും ആണ്.<br><br>നാളിതുവരെ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ 3915 പരിശോധനകളുടെ ഭാഗമായി 1408 ഫീൽഡ് ഒബ്സർവേഷൻ ഷീറ്റ്, 615 ടെക്നിക്കൽ ഒബ്സർവേഷൻ ഷീറ്റ്, 2165 ഒബ്സർവേഷൻ മെമ്മോ, 95 ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവ അതത് എസ്.പി.വി കൾക്ക് നൽകിയിട്ടുണ്ട്. നിരന്തരമായി ഒബ്സർവേഷൻ മെമ്മോ കൊടുത്തിട്ടും പോരായ്മകൾ പരിഹരിക്കാത്ത 51 പദ്ധതികൾ താത്കാലികമായി നിർത്തിവെക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. ന്യൂനതകൾ പരിഹരിച്ച് എന്ന് എസ്.പി.വി ഉറപ്പ് നൽകിയ ശേഷം മാത്രമേ ഇപ്രകാരം നിർത്തിവെച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കിഫ്ബി അനുമതി നൽകുകയുള്ളൂ. ഇതു സംബന്ധിച്ച റിപ്പോർട്ട് കിഫ്ബി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുന്നുണ്ട്. ക്രമക്കേടിന് ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടത് അതത് എസ്.പി.വി കളും ഭരണവകുപ്പുകളും ആണ്. |

**സെക്ഷൻ ഓഫീസർ**